"ഭരണഭാഷ-മാതൃഭാഷ"

No. DWCD/148/2023-D2

വനിത ശിശുവികസന
ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 21-05-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും,
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ വനിതാ സംരക്ഷണ ഓഫീസർമാർക്കും,
എല്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഡയറക്ടറേറ്റ് - വകുപ്പിലെ ഗസറ്റഡ് ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള CUG സിം - സംബന്ധിച്ച്:-

സൂചന:- 1. വിവിധ ഓഫീസർമാർ ലഭ്യമാക്കിയ അപേക്ഷ

വകുപ്പിലെ ഗസറ്റഡ് ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള CUG സിം 2025 ജൂൺ മാസം മുതൽ റീചാർജിംഗ് കാലാവധി അവസാനിക്കുന്നുണ്ട്. 1999/- രൂപയുടെ ഒരു വർഷത്തേയ്ക്കുള്ള പ്ലാൻ ആണ് എല്ലാവർക്കും അനുവദിച്ചിട്ടുള്ളത്. അടുത്ത ഒരു വർഷത്തേയ്ക്ക് CUG SIM റീചാർജ് ചെയ്യേണ്ടതുണ്ട്. എന്നാൽ എല്ലാ ഉദ്യോഗസ്ഥരും കൃത്യമായി സിം/പ്ലാൻ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നത് വ്യക്തമല്ലാത്തതാണ്. നിലവിൽ പലരുടെയും സിം നഷ്ടപ്പെട്ടുകയോ പ്രവർത്തന രഹിതമാകുകയോ ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇത് സർക്കാരിനു സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതാണ്.

അതിനാൽ അടുത്ത ഒരു വർഷത്തേയ്ക്ക് CUG SIM റീചാർജ് ചെയ്യുന്നതിന് മുന്പ് ഏതെങ്കിലും ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള CUG സിം നഷ്ടപ്പെട്ടുകയോ പ്രവർത്തന രഹിതമാകുകയോ ചെയ്തിട്ടുണ്ടെങ്കിൽ സിം നമ്പർ ഉൾപ്പെടെ ടി വിവരം ഈ കാര്യാലയത്തിൽ അടിയന്തിരമായി (25.05.2025നു മുന്പായി) ലഭ്യമാക്കുവാൻ നിർദേശിക്കുന്നു. (mail to wcddsection@gmail.com). ആയതിലെയ്ക്ക് തുടർ നടപടി സ്വീകരിച്ചതിനു ശേഷം സിം റീചാർജ് ചെയ്യുന്നതാണ്.

സിം റീചാർജ് ചെയ്യുന്നതിനായി എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരും CUG സിം നമ്പർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി.

പകർപ്പ്
ഡയറക്ടറേറ്റിലെ എല്ലാ ഗസറ്റഡ് ഓഫീസർമാർക്കും